# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം: 1338 30.01.2018 -ൽ മറുപടിയ്ക്ക്**

## സ്കൂളുകളിൽ നൈപുണ്യ വികസന പദ്ധതി

**ചോദ്യം** **ഉത്തരം**

ശ്രീ . മോൻസ് ജോസഫ് പ്രൊഫ: സി.രവീന്ദ്രനാഥ്

(വിദ്യാഭ്യാസ വകുപ്പു മന്ത്രി)

(എ) കേന്ദ്രനിർദ്ദേശമനുസരിച്ച് സ്കൂൾ വിദ്യാഭ്യാസത്തോടൊപ്പം തൊഴിലധിഷ്ഠിത കോഴ്സുകൾ പഠിപ്പിക്കുന്നതിനുള്ള നൈപുണ്യ വികസന പദ്ധതി സംസ്ഥാനത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) സംസ്ഥാനത്ത് എത്രസ്കൂളുകളിൽ ഈ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്; ഏതൊക്കെ ജില്ലകളിലാണ് പദ്ധതി നടപ്പാക്കുന്നത് എന്നറിയിക്കാമോ ;

(സി) ഈ പദ്ധതി എയ്ഡഡ്/അൺ എയ്ഡഡ് സ്കൂളുകളിൽ നടപ്പാക്കുമോ ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

(എ)
(ബി)
(സി) ഉണ്ട്. ദേശീയ നൈപുണ്യ വികസന ചട്ടക്കൂടായ എൻ.എസ്. ക്യൂ.എഫ് (NSQF) അധിഷ്ഠിതമായ കോഴ്സുകൾ 2018 ജൂൺ മുതൽ സംസ്ഥാനത്തെ തെരെഞ്ഞെടുത്ത സ്കൂളുകളിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. പ്രാരംഭ ഘട്ടമെന്ന നിലയിൽ സംസ്ഥാനത്തിലെ എല്ലാ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലും ഐ.എച്ച്.ആർ.ഡിയുടെ കീഴിലുള്ള ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂളുകളിലും എല്ലാ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളിലും എൻ.എസ് ക്യൂ.എഫ് അധിഷ്ഠിത തൊഴിൽ വിദ്യാഭ്യാസം 2018 ജൂൺ മുതൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിനായി 22.11.2017-ൽ കൂടിയ കൺസൾട്ടേറ്റീവ് മീറ്റിംഗിലെ നിർദ്ദേശങ്ങളിൽ VHSE ഡയറക്ടറുമായി കൂടിയാലോചിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിന് എസ്.സി.ഇ.ആർ.ടി ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ